LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും തരംതിരിച്ച് വിശദമാക്കാമോ?

പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബിയുടെ സഹായത്തോടെയുള്ള പ്രവൃത്തികൾ

46 (1770) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കിഫ്ബിയുടെ സഹായത്തോടെ നടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി

47 (1771) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തിയായ ചെമ്പാട് - കോപ്പാലം -തലശ്ശേരി റോഡിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ചെമ്പാട് - കോപ്പാലം- തലശ്ശേരി റോഡ് പദ്ധതിക്ക് 69.79 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിനുള്ള അർത്ഥന ഫോം എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ രേഖകൾ വില്ലേജ് ഓഫീസിൽനിന്നും ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.